## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1181. 06.06.2018 ൽ മറുപടിയ്ക്ക്

### ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും കർമ്മപരിപാടികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ? | സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്രത്യേകശ്രദ്ധ നല്കി വിമുക്തി മിഷൻ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി വിമുക്തിയുടെ ഭാഗമായി കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നല്കി വരുന്നുണ്ട്. ഇത് ലഹരിയോടുള്ള ആഭിമുഖ്യം മാറ്റി കായികരംഗത്തോട് താത്പര്യമുള്ളവരാക്കുന്നതിനും തങ്ങളിലേയ്ക്ക് തന്നെ ഒതുങ്ങിക്കൂടാതെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഗോത്ര വർഗ്ഗ യുവാക്കളെ ഉയർത്തിക്കൊണ്ടു വരുന്നതിനും സഹായകരമാകുന്നു. ആദിവാസി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ വിവിധ പരിപാടികളിലൂടെ ലഹരിയോടുള്ള ആസക്തിക്കെതിരായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ആദിവാസി ഊരുകളിൽ താമസിച്ചു വരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽ പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നല്കുകയുണ്ടായി. ആദിവാസി വിഭാഗം ജനങ്ങളുടെ സാംസ്കാരികവും പാരമ്പര്യപരവും ഭാഷാപരവുമായ പ്രത്യേകതകൾ എല്ലാം അറിയുന്ന അവരിൽതന്നെ ഉൾപ്പെടുന്ന യുവാക്കൾ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നത് വിമുക്തി മിഷന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്. |

സെക്ഷൻഓഫീസർ